**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1114** **29-08-2022 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിൽ പത്തേക്കറിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അച്ചൻകോവിൽ പത്തേക്കർ പ്രദേശത്ത് കുടിവെള്ളം ലഭ്യമല്ലാത്തതിനാൽ പതിനഞ്ചോളം കുടുംബങ്ങൾക്ക് ഉൾവനങ്ങളിലേക്ക് പോയി കുടിവെള്ളം ശേഖരിക്കേണ്ടതായി വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | കുടിവെള്ള പദ്ധതിയുടെ മോട്ടർ മാസങ്ങളായി തകരാറിലായി കിടക്കുന്നതിനാൽ പ്രസ്തുത പ്രദേശത്ത് കുടിവെള്ള വിതരണം തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിൽ പത്തേക്കർ പ്രദേശത്ത് നിലവിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ മുഖേനയല്ല ജലവിതരണം നടത്തി വരുന്നത്. അവിടെ പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതിയുടെ മോട്ടോർ തകരാറിലായ വിവരം പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.** |
| (സി) | വന്യമൃഗങ്ങളുടെ ആക്രമണഭീഷണി നേരിടുന്ന പ്രസ്തുത പ്രദേശത്ത് കുടിവെള്ളത്തിനായി ഉൾവനത്തിലേക്ക് പോകുന്നത് പ്രദേശവാസികളുടെ ജീവന് ഭീഷണി ആയതിനാൽ മോട്ടർ അറ്റകുറ്റപ്പണി നടത്തി കുടിവെള്ള വിതരണം പുന:സ്ഥാപിക്കുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ? | (സി) | **ആര്യങ്കാവ് പഞ്ചായത്തിൽ വാർഷിക പദ്ധതിയിൽ, 1,20,217/- രൂപ വകയിരുത്തി LSGD അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പത്തേക്കർ കുടിവെള്ള പദ്ധതിയുടെ കേടായ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. കൂടാതെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയും കൈക്കൊണ്ടു വരുന്നു.** |

സെക്ഷൻ ഓഫീസർ